# ജനകീയ സിനിമാനിർമ്മാണ കൂട്ടായ്മ

ജനുവരിയിൽ തൃശ്ശൂരിൽ വെച്ച് രൂപം കൊണ്ട ജനകീയ സിനിമാനിർമ്മാണ കൂട്ടായ്മ നിർമ്മിക്കുന്ന 'സനാതനം' എന്ന സിനിമയിലേക്ക് കലാകാരന്മാരെ തിരഞ്ഞെടുത്തു.

ഏ. കെ. അബ്ദുൾ ഗഫൂറാണ് സംവിധായകൻ. എം. എ. ബിനുവിന്റെ കഥയ്ക്ക് ജോർജ്ജ് മാഷ് തിരക്കഥയും സംഭാഷണവും രചിച്ചു. കാരുണ്യം പദ്മകുമാർ, നിരീഷ് കുമാർ മഞ്ചേരി, രാജ് എടവിലങ്ങ് എന്നിവരുടെ ഗാനങ്ങൾക്ക് സി. കെ. പ്രസാദ്, സെയ്ഫു എന്നിവരാണ് സംഗീത സംവിധാനം നടത്തിയത്. കെ. ജെ. യേശുദാസ് , പി. ജയചന്ദ്രൻ, എം. ജി. ശ്രീകുമാർ, മധു ബാലകൃഷ്ണൻ, ചിത്ര, സുജാത എന്നിവരാണ് ഗാനാലാപനം. കാവേരി വേതനമില്ലാതെ ഈ ചിത്രത്തിൽ വേഷമിട്ടു. അമേച്വർ നാടകനടനായ ആനന്ദാണ് ഈ ചിത്രത്തിലെ നായകൻ.

പതിനാലോളം നവാഗതപ്രതിഭകൾ ഈ ചിത്രത്തിലൂടെ രംഗത്തു വരും. ഇരുപത്തിയേഴംഗ കമ്മിറ്റിയാണ് ചിത്രനിർമ്മാണത്തിന്റെ ചുമതല. 175 കലാകാരന്മാർ ചേർന്നാണ് ജനകീയ സിനിമാനിർമ്മാണ കൂട്ടായ്മ രൂപം നൽകിയിരിക്കുന്നത്.